ആയത് പ്രകാരം പ്രൊപ്പോസൽ നൽകുവാൻ ആവശ്യപ്പെടുകയുമുണ്ടായി ഇതിൽ കേരളത്തിന് ഏത്ര കുഷ്ഠരോഗം നൽകുമെന്ന് വ്യക്തമാക്കിയിട്ടില്ല ഇതനുസരിച്ച് കേരള സംസ്ഥാന ശിശുക്ഷേമ സമിതി തിരുവനന്തപുരം തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി, 14 ജില്ലാ ശിശുക്ഷേമ സമിതിയോഗം നടത്തുകയും ടി യോഗത്തിൽ ഈ വിവരം അറിയിക്കുകയു അതിൻപ്രകാരം ജില്ലാ ശിശുക്ഷേമ സമിതി നൽകിയ 610 പ്രൊപ്പോസലുകൾ ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിൽ അയച്ചുകൊട ത്തിട്ടുണ്ട്.

(സി) കുഷ്ഠം അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് നിലവിര കുഷ്ഠരോഗം ഇല്ലാത്ത ആലപ്പുഴ, വയനാട്, മലപ്പുറം ജില്ലകൾക്ക് കൂടുതര പ്രാതിനിധ്യം നൽകാൻ ഉദ്ദേശിക്കുന്നു.

കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നഷ്ടം ഇല്ലാതാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ

47 [2184] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ ങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപട നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പഠന വിധേയമാക്കി കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നഷ്ടം ഇല്ലാതാക്ക എന്നുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെങ്കിലും സ്ഥാപനങ്ങളുടെ നഷ്ടമാണ ഇല്ലാതാക്കിയത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ 1,350 കോടി രൂപയിൽ നിന്നും 1,483 കോടി രൂപയിലേക്ക് ഉയർത്തുവാനു നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം 173 കോട രൂപയിൽനിന്നും 128 കോടിയോളം രൂപയായി കുറയ്ക്കുവാനു കഴിഞ്ഞിട്ടുണ്ട്.

(ബി) ഫോം മാറ്റിംഗ് (ഇന്ത്യാ) ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് എന്നിവയാണ് കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നഷ്ടം ഇല്ലാതാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായികൾക്ക് വസ്തു നൽകൽ

48 [2185] ശ്രീ. കെ. എ. ചന്ദ്രൻ;
,, ടി. എൻ. പ്രതാപൻ;
,, കെ. മുഹമ്മദാലി;
,, എം. എ. ഹസ്സൻ;
,, കെ. മോഹൻ കുമാർ;

താഴെക്കാണുന്ന ചോദ്യങ്ങൾക്ക വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly